**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 553** **05-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിൽ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ 7 മിനി വ്യവസായ എസ്റ്റേറ്റും വേളി വ്യവസായ വികസന ഏരിയയും മൺവിള വ്യവസായ വികസന പ്ലോട്ടും നിലവിലുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ 1 വ്യവസായ എസ്റ്റേറ്റും 4 മിനി വ്യവസായ എസ്റ്റേറ്റുകളും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 384 വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം കരസ്ഥമാക്കിയ ശേഷം വ്യവസായ യൂണിറ്റുകൾ ആരംഭിക്കാത്തവ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | ഭൂമി അനുവദിച്ചു കിട്ടിയതിനുശേഷം വ്യവസായ യൂണിറ്റുകൾ ആരംഭിക്കാത്തവ 11 എണ്ണം ഉണ്ട്. |
| (ഡി) | വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ട് പ്രവർത്തിപ്പിക്കാത്ത സ്ഥാപനങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ട് 32 എണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ